# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2424 - 06/12/2018 -ലെ മറുപടിക്ക്

## പ്രളയാനന്തര കേരള പുനർനിർമ്മാണത്തിനുള്ള പണം

**ചോദ്യം**

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. പി.കെ.ബഷീർ

ശ്രീ. സി.മമ്മൂട്ടി

ശ്രീ. കെ.എൻ.എ ഖാദർ

**ഉത്തരം**

ഡോ. ടി. എം. തോമസ് ഐസക്

(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | പ്രളയാനന്തരം കേരളത്തിൽ പുനർനിർമ്മാണത്തിനായി കൂടുതൽ പണം കണ്ടെത്തുന്നതിന് ഈ സർക്കാർ ഇതുവരെ സ്വീകരിച്ചതും സ്വീകരിച്ചുവരുന്നതുമായ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | പ്രളയക്കെടുതി മുഖാന്തിരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകേരള സൃഷ്ടിയ്ക്കായും വിഭാവനം ചെയ്യുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 ൽ ജി.എസ്.ഡി.പി-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20 ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനാവശ്യമായ വായ്പ സമാഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ലോകബാങ്ക്, എ.ഡി.ബി പ്രതിനിധികളുമായി ചർച്ച നടത്തി വരികയാണ്. നിലവിൽ ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ തുടർനടപടികൾ കൈക്കൊള്ളുവാൻ കേന്ദ്ര സർക്കാർ ലോകബാങ്കിനോട് ശുപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കു മേൽ ചുമത്തുന്ന ജി.എസ്.ടി യ്ക്ക് മേൽ 10% സെസ്സ് |

| | | |
|---|---|---|
| | | ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ RIDF, NIDA, HUDCO എന്നിവിടങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിനും LSGI വികസന ഫണ്ടിൽ നിന്നുള്ള തുകയും പദ്ധതി വെട്ടിച്ചുരുക്കുന്നതിലൂടെ ലഭിക്കുന്ന തുകയും പുനർനിർമ്മാണത്തിനായി വിനിയോഗിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. |
| ബി | ഇതിനായി ബഡ്ജറ്റ് പുന:സംഘടന നടത്താൻ ഉദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ; | പ്രളയകെടുതിയുടെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാ പുനഃക്രമീകരണം നടത്തുവാനും നടപ്പ സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിന്റെ 20% വെട്ടിക്കുറച്ചുകൊണ്ട് സമാഹരിക്കുന്ന തുക പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. |
| സി | പുനർനിർമ്മാണത്തിനായി ലോകബാങ്ക് എ.ഡി.ബി വായ്പ, നബാർഡ് വായ്പ മുതലായവ എന്തെങ്കിലും സ്വീകരിക്കുവാൻ നടപടി ഉണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ? | സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനാവശ്യമായ വായ്പ സമാഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ലോകബാങ്ക്, എ.ഡി.ബി പ്രതിനിധികളുമായി ചർച്ച നടത്തി വരികയാണ്. ധനവിഭവ സമാഹരണത്തിന്റെ ഏറിയ പങ്കം ലോക ബാങ്ക് അടക്കമുള്ള വിദേശ സഹായ ഏജൻസികളിൽ നിന്നുമാണ് സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നത്. നിലവിൽ ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ തുടർനടപടികൾ കൈക്കൊള്ളുവാൻ കേന്ദ്ര സർക്കാർ ലോകബാങ്കിനോട് ശുപാർശ ചെയ്തിട്ടുണ്ട്. RIDF, NIDA, HUDCO എന്നിവിടങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**